ചാകര കാലത്തെ മത്സ്യലഭ്യത

8 (1915) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ചാകര പ്രത്യക്ഷപ്പെടുന്നത് ;

(ബി) ചാകര സീസണിൽ എത്രടൺ മത്സ്യങ്ങൾ ലഭിക്കുന്നത് ആയാണ് കണക്ക് ;

(സി) ഇപ്പോൾ ചാകരക്കാലത്ത് ലഭിക്കുന്ന മത്സ്യങ്ങളുടെ അളവ് കുറവാണോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇതിന് എങ്ങനെ പരിഹാരം കാണാനുദ്ദേശിക്കുന്നു ?

ഉത്തരം

(എ) പ്രധാനമായും ആലപ്പുഴ, എറണാകുളം ജില്ലകളിലെ തീരക്കടലിൽ.

(ബി) കഴിഞ്ഞ വർഷം ഈ സീസണിൽ ചാകര സെന്ററുകളിൽ മാത്രമായി ഏകദേശം 45,000 ടൺ മത്സ്യം ലഭിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഈ വർഷത്തെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

ആഴക്കടൽ മത്സ്യബന്ധനം

9 (1916) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. കെ. മുനീർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ ഏതെല്ലാം വിദേശ രാജ്യങ്ങൾ ആഴക്കടൽ മത്സ്യ ബന്ധനം നടത്തുന്നുണ്ട് ;

(ബി) സംസ്ഥാനത്തെ മത്സ്യ ബന്ധനത്തെ ദോഷകരമായി ബാധിക്കുന്ന ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശരാജ്യങ്ങൾക്ക് നൽകിയ ലൈസൻസ് റദ്ദു ചെയ്യിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ആഴക്കടലിൽ മത്സ്യബന്ധനം നടത്താൻ കേന്ദ്ര ഗവൺമെന്റ് താഴെ പറയുന്ന 9 ആഴക്കടൽ യാനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1.	ശിവഗംഗാ ഫിഷറീസ്	1 യാനം
2.	വെല്ലാ - പി. മോനർ (സ്പാനീഷ്)	1 യാനം
3.	ഓറിയന്റൽ ഹൈസീഡ്	1 ഫാക്ടറി ട്രോളർ
4.	ഫിലിംഗ് പാൽക്കൺ ലിമി	2 ട്യൂണേ വെസൽസ്
5.	ഫോർച്ച്യൂൺ ഓഷ്യാനിക്ക്	2 ഫാക്ടറി ട്രോളർ
6.	റോയ് ഡി-മറൈൻ	1 ഫാക്ടറി ട്രോളർ
7.	എവിറ്റി മുധ്യൂർ പി.റ്റി.ലിമി.	1 ഫാക്ടറി ട്രോളർ

(ബി) ലൈസൻസുകൾ റദ്ദാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നദികളിലെ മത്സ്യസമ്പത്ത്

10 (1917) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നദികളിലെ മത്സ്യ സമ്പത്ത് ചൂഷണം ചെയ്യപ്പെടുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രധാനപ്പെട്ട നദികളിൽ മത്സ്യക്കൃഷി നടത്തുവാൻ സാധിക്കുമോ ;

(സി) എങ്കിൽ ഇതിലേക്കായി ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നദികളിലെ മത്സ്യ സമ്പത്ത് ചൂഷണം ചെയ്യപ്പെടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട നദികളിലെ മത്സ്യ സമ്പത്ത് പരിമിതമായ രീതിയിൽ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിലെ പ്രധാനപ്പെട്ട നദികളിലെ മത്സ്യ സമ്പത്ത് ഉൾനാടൻ മത്സ്യ തൊഴിലാളികൾ മത്സ്യ ബന്ധനം നടത്തിവരുന്നു. കോഴിക്കോട് ജില്ലയിലെ പ്രധാന നദികളിൽ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾ തണ്ടോടി, വീശുവല തുടങ്ങിയവ ഉപയോഗിച്ചും വിജ്ഞാപനം ചെയ്യപ്പെട്ട നദികളിൽ ഊന്നിവല ഉപയോഗിച്ചും മത്സ്യം പിടിച്ചു വരുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ ഊന്നിവല ഉപയോഗിക്കുവാൻ 200 ഓളം ലൈസൻസുകൾ നൽകിയിട്ടുണ്ട്. എറണാകുളം, കാസർകോഡ് ജില്ലകളിലെ പ്രധാന നദികളിൽ ശാസ്ത്രീയമായ മത്സ്യ ബന്ധനം നടക്കുന്നില്ല. തൃശ്ശൂർ, ഇടുക്കി, മലപ്പുറം തുടങ്ങിയ ജില്ലകളിലെ പ്രധാന നദികളിലെ മത്സ്യ സമ്പത്തും ചൂഷണം ചെയ്യപ്പെടുന്നതായി മാർക്കറ്റ് സർവ്വെ വെളിപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly